**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1093** **31-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനോടകം എത്ര പേർക്ക് പദ്ധതി വഴി കണക്ഷൻ നൽകാൻ കഴിഞ്ഞുവെന്ന കണക്ക് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൂക്കോട്ടൂർ ,മൊറയൂർ ,പുൽപ്പറ്റ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; | (ബി) | മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജല ശുദ്ധീകരണശാല, ഉന്നതതല ജലസംഭരണികൾ, വിതരണശൃംഖല, കിണർ, പമ്പിങ്ങ് മെയിൻ, കുടിവെള്ള കണക്ഷൻ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി 4 പാക്കേജുകളിലായി പ്രവർത്തി നടന്നു വരുന്നു. 2023-24 വർഷത്തിൽ ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ അനുമതി നൽകിയ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | പദ്ധതി 2024 ഒക്ടോബറിൽ കമ്മീഷൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മലപ്പുറം നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ

| പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കണക്ഷനുകൾ | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇതുവരെ കണക്ഷൻ നൽകിയത് |
|---|---|---|---|
| മൊറയൂർ | 5581 | 6359.33 | 0 |
| പുൽപ്പറ്റ | 7744 | 8057.72 | 0 |
| പൂക്കോട്ടൂർ | 6113 | 6694.05 | 0 |
| ആനക്കയം | 6306 | 5350.00 | 3040 |
| കോഡൂർ | 5916 | 6852.26 | 1611 |